[Mr. K. T. Achuthan]

(*b*) why are they then transferred as Primary teachers ;

(*c*) what is the grade of the present Physical Instructors who have got S. S. L. C., qualification ;

(*d*) why is it that, P. A. Bhaskaran and T. K. Narayana Marar are not given the same grade?

Mr. P. Govinda Menon *(Minister for Food and Education)* :

(*a*) Yes.

(*b*) They were transferred as P. D. teachers to avoid the necessity of retaining supernumerary posts of Drill Masters.

(*c*) Rs. 40-1-50-2-60 provided they hold Y. M. C. A. Diploma and Rs. 20-1-30-2-40 in the case of others.

(*d*) P. A. Bhaskaran and T. K. Narayana Marar are given 20-40 grade. As they do not hold Y. M. C. A. Diploma they are not entitled to get the higher grade.

TRANSPORT OF ARTICLES—PORINGALKUTHU—DETAILS REGARDING

119. മിസ്റ്റർ എം. കെ. വർഗ്ഗീസ്സ് :

താഴെ പറയുന്ന ചോദ്യത്തിന്ന മറുപടി നൽകുവാൻ ബഹുമാനപ്പെട്ട ഗവണ്മെണ്ടിന്ന ദയവുണ്ടാകുമോ.—

പെരിങ്ങൽകുത്തിലെ ആവശ്യത്തിലേക്ക ചാലക്കുടി ഗോഡൌണിൽനിന്ന പെരിങ്ങൽകുത്തിലേക്ക സാമാനങ്ങൾ കൊണ്ടുപോകുന്നതിനുള്ള ടെണ്ടർ (tender) നോട്ടീസിന്റേയും കരാറുകാരനോട് എഴുതി വാങ്ങിയിരിക്കുന്ന എഗ്രിമെൻറിന്റേയും പകർപ്പ് മേശപ്പുറത്തു വെക്കാമോ?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ :

ടെണ്ടർ നോട്ടീസിന്റെ (tender notice) പ്രതി അനുബന്ധമായി ചേർത്തിരിക്കുന്നു. (Appendix II) കരാറുകാരനോട് ഇനിയും എഗ്രിമെൻറ് എഴുതി വാങ്ങിയിട്ടില്ല.

മിസ്റ്റർ എം. കെ. വർഗ്ഗീസ്സ് : ഈ പണി കരാർ കൊടുത്തിട്ട എത്രമാസമായി?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ : മൂന്നരമാസമായി.

മിസ്റ്റർ എം. കെ. വർഗ്ഗീസ്സ് : ഇത്രകാലമായിട്ടും എഗ്രിമെൻറ് എഴുതിമേടിക്കാത്തതെന്താണ്?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ : നോട്ടീസ് കൊടുത്തിട്ടുണ്ട്. എഗ്രിമെൻറ എഴുതീട്ടില്ലെങ്കിൽ പെയ്മെൻറ് നടത്തുകയില്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ : പണി തുടങ്ങിയിട്ടുണ്ടോ?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ : ഉണ്ട്.

മിസ്റ്റർ എം. കെ. വർഗ്ഗീസ്സ് : ഈ ടെണ്ടറിൽ പറഞ്ഞിരിക്കുന്ന എല്ലാ പണികളും അയാൾതന്നെ നടത്തുന്നുണ്ടോ, അതോ എന്തെങ്കിലും പണി ഒഴിവാക്കീട്ടുണ്ടോ?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ : ഒന്നും ഒഴിവാക്കീട്ടില്ല.

മിസ്റ്റർ എം. കെ. വർഗ്ഗീസ്സ് : മെഷീനറി ഒഴിവാക്കീട്ടില്ലെ?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ : ഇല്ല.

മിസ്റ്റർ കെ. എ. രാഘവൻ : സാധാരണ P. W. D. കരാർ കൊടുത്താൽ എത്ര കാലത്തിനകം കരാറെഴുതണമെന്നാണ നിശ്ചയം?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ : എഗ്രിമെൻറ ഉടനെ എഴുതണമെന്നാണ്. എഴുതി കിട്ടുന്നവരെ പെയ്മെൻറ് നടത്തുകയില്ല.

മിസ്റ്റർ എം. കെ. വർഗ്ഗീസ്സ് : ആരാണ് ഈ കൺട്രാക്ടർ?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ : പി. കെ. അച്യുതൻ.

മിസ്റ്റർ എം. ഐ. പോൾ : ട്രാൻസ്പോർട്ട് കൺട്രാക്ട് കൊടുക്കുന്നതിന്ന ടെണ്ടർ വെച്ചിരുന്നോ?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ : അല്ലാതെയും ഉണ്ട്.

മിസ്റ്റർ കെ. എ. രാഘവൻ : അതിൽ താഴ്ന്ന റേറുകാരൻ കൺട്രാക്ടർ ആരാണ്?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ : മിസ്റ്റർ വക്കി എന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എ. രാഘവൻ: അദ്ദേഹത്തിന്നു കൊടുക്കാതെയിരിക്കാനുള്ള കാരണമെന്താണു?

റാവു സാഹിബ്ബു് കെ. അയ്യപ്പൻ: അദ്ദേഹത്തിന്നു ലോറി ഇല്ലാത്തതാണു കാരണം.

മിസ്റ്റർ കെ. എ. രാഘവൻ: സാധാരണ ഒരാൾക്കു എത്ര ലോറികൾ വേണം കൺട്രാക്ടു് കൊടുക്കുവാൻ?

റാവു സാഹിബ്ബു് കെ. അയ്യപ്പൻ: കൺട്രാക്ടു് ഏല്പിക്കുന്ന പണി നടത്തുന്നതിന്നു എത്ര ലോറികൾ ആവശ്യമാണോ അത്രയും ലോറികൾ ഉണ്ടായിരിക്കണം.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: ടെണ്ടർ നോട്ടീസ്സു് കൊടുത്തപ്പോൾ അതിൽ ഇത്ര ലോറികളുണ്ടായിരിക്കണമെന്നു പറഞ്ഞിട്ടുണ്ടോ?

റാവു സാഹിബ്ബു് കെ. അയ്യപ്പൻ: ഇല്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: ഇതിൽ കുറഞ്ഞ കൊട്ടേഷനും ഇപ്പോൾ കൊടുത്തിരിക്കുന്ന കൺട്രാക്ടുകാരന്റെ കൊട്ടേഷനും തമ്മിൽ എന്തു വ്യത്യാസം വരും?

റാവു സാഹിബ്ബു് കെ. അയ്യപ്പൻ: ഇപ്പോൾ കൺട്രാക്ടു് എടുത്തിട്ടുള്ള ആളുടെ കൊട്ടേഷൻ ഫർ അണ ആയിരുന്നു. മിസ്റ്റർ വക്കിയുടെ കൊട്ടേഷൻ ന്യൂ $\frac{1}{2}$ അണ ആണു. പക്ഷെ ന്യൂ $\frac{1}{2}$ അണക്കാരനു ലോറി ഇല്ലാത്തതുകൊണ്ടു് കൊടുക്കാൻ സാധിച്ചില്ല. ഒടുവിൽ ഫർ അണക്കാരൻ ന്യൂ $\frac{1}{2}$ അണയ്ക്കുതന്നെ സമ്മതിച്ചതിനാൽ ആ ആൾക്കു കൊടുക്കുകയാണു് ചെയ്തതു്.

മിസ്റ്റർ ജോസ് കെ. വട്ടിസ്സ്: വക്കിക്കു ലോറി ഇല്ലെങ്കിലും ലോറികളെവിടെനിന്നെങ്കിലും കൊണ്ടുവന്നു പണി നടത്തിക്കൊള്ളാമെന്നു പറഞ്ഞിട്ടുണ്ടോ?

റാവു സാഹിബ്ബു് കെ. അയ്യപ്പൻ: ഇപ്പോൾ ഒരു പെറ്റീഷൻ വന്നിട്ടുണ്ടു്. അതിൽ അങ്ങിനെ പറയുന്നുണ്ടു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: പെരിങ്ങൽക്കുത്തു പണിയുടെ ടെണ്ടർ അനുസരിച്ചു എത്ര കോടി രൂപയുടെ കൺട്രാക്ടു് പണി ഉണ്ടാകും?

റാവു സാഹിബ്ബു് കെ. അയ്യപ്പൻ: കോടിക്കണക്കിനൊന്നും കാണുകയില്ല. ഇത്ര എന്നു പറയാൻ നോട്ടീസ്സുവേണം.

മിസ്റ്റർ എം. ഐ. പോൾ: മിസ്റ്റർ പി. കെ. അച്യുതനു ടെണ്ടർ വെച്ചതനുസരിച്ചു കൺട്രാക്ടു് മാത്രമെ കൊടുത്തിട്ടുള്ളുവൊ?

റാവു സാഹിബ്ബു് കെ. അയ്യപ്പൻ: അല്ലാത്തതും കൊടുത്തിട്ടുണ്ടു്.

മിസ്റ്റർ കെ. ടി. അച്യുതൻ: പി. കെ. അച്യുതൻ കൊച്ചിക്കാരനാണോ?

റാവു സാഹിബ്ബു് കെ. അയ്യപ്പൻ: അല്ലെന്നാണു എന്റെ അറിവു്.

മിസ്റ്റർ. കെ. എ. രാഘവൻ: ഇപ്പോഴത്തെ കാരുകാരനു കൊടുക്കുന്നതിനു മുമ്പു ആ പണി നടത്തിയിരുന്നതാരാണു?

റാവു സാഹിബ്ബു് കെ. അയ്യപ്പൻ: പലർക്കും കൊടുത്തിട്ടുണ്ടു്. തീർച്ചയായി പറയാൻ നോട്ടീസ്സുവേണം.

മിസ്റ്റർ എം. ഐ. പോൾ: അച്യുതൻ ലൈസ്സൻസ്സു് കൺട്രക്ടരാണോ?

റാവു സാഹിബ്ബു് കെ. അയ്യപ്പൻ: അപ്പൂവുഡ് കൺട്രാക്ടരാണു്.

മിസ്റ്റർ പി. കുമാരനെഴുത്തൻ: ഈ അച്യുതൻ എത്ര കാലമായി കൊച്ചിരാജ്യത്തിൽ കൺട്രാക്ടരായിട്ടു്?

റാവു സാഹിബ്ബു് കെ. അയ്യപ്പൻ: വളരെ കാലമായിക്കാണും.

TRAVELLING IN BUSES—COMPLAINTS REGARDING

120. Mr. Paramel Ipe Ipe *(Kunnamkulam):* Will Government be pleased to state.—

(*a*) how many petitions have been received by the Government complaining alout want of travelling accommodation in buses running from and through Kunnamkulam to various places;

(*b*) whether there were not requests to increase the number of buses in the above line;

(*c*) what action did the traffic authority take on these petitions?

Rao Bahadur T. K. Nayar *(Minister for Public Health):*

(*a*) Six petitions in 1122.

(*b*) Yes.

LIBRARY ARCHIVES Kerala Legislative Assembly

APPENDIX I

(Please see answer to Question No. 114)

STATEMENT

Stock on 1—1—1122	Purchase in 1122	Total	Issue in 1122 till date	Balance Stock
Rs. A. P. 1,037—12—1	Rs. A. P. 566—15—11	Rs. A. P. 1,604—12—0	Rs. A. P. 49— 5— 1	Rs. A. P. 1,555— 6—11

APPENDIX II

(Please see answer to Question No. 119)

NOTICE

Quotations addressed to the Executive Engineer, Hydro Electric Branch, Durbar Hall, Ernakulam, are invited for the following works so as to reach him before 3 p.m. on Friday, 7th March 1947.

2. Rate for transporting stores from Chalakkudi Store to the store at Peringalkuthu. A flat rate per ton per mile is to be quoted irrespective of quantity to be handled at any time.

Office of the Chief Engineer,
Hydro Electric Branch,
Durbar Hall, Ernakulam,
25th February 1947.

(Sd.)

For Chief Engineer

APPENDIX III

(Please see answer to Question No. 133)

വഴിക്കുവഴി നമ്പ്	എ	ബി.		സി.
	സംസ്കൃത പാഠശാലകൾ	ക്ലാസ്സുകൾ	അദ്ധ്യാപകന്മാർ	ഗ്രാൻറ് ക.
൧	എസ്സ്. എൻ. വി. സംസ്കൃതം സ്കൂൾ, എത്തർ	൪	൪	൩ ൫
൨	കേരളവർമ്മ സംസ്കൃതം സ്കൂൾ, തൃശൂലനഗരം	൪	൪	൭ ൫
൩	സംസ്കൃതം സ്കൂൾ, തോട്ടറ	൫	൫	൨ ൦
൪	എസ്സ്. എൻ. ജി. സംസ്കൃതം സ്കൂൾ, കണിമംഗലം	൫	൪	൩ ൦
൫	കേരള ലക്ഷ്മി സംസ്കൃതം സ്കൂൾ, പെരുവനം	൪	൪	൩ ൦
൬	രാജർഷി സംസ്കൃതം സ്കൂൾ, കിഴക്കുംപാട്ടുകര	൪	൪	൨ ൦
൭	എൽ. എൻ. സംസ്കൃതം സ്കൂൾ, നെന്മാറ	൫	൪	൭ ൫

LIBRARY ARCHIVES Kerala Legislative Assembly